**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - 2020-21 ബജറ്റ് പ്രഖ്യാപനം - പെർഫോമൻസ് ഓഡിറ്റ് സംവിധാനം നിർത്തലാക്കി ജീവനക്കാരെ പുനർവിന്യസിക്കുന്നത് സംബന്ധിച്ച് - വിശദമായ പഠനം നടത്തി നിർദ്ദേശം സമർപ്പിക്കുന്നതിനുള്ള സമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയം ഭരണ (എഎ) വകുപ്പ്**

**സ.ഉ. (സാ.ധാ) നം. 1089/2020/തസ്വഭവ** **തിരുവനന്തപുരം, തീയതി 10/06/2020**

---

പരാമർശം - 2020 -21 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനം - ഖണ്ഡിക നം. 208.

**ഉത്തരവ്**

സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള പെർഫോമൻസ് ഓഡിറ്റ് സംവിധാനം നിർത്തൽ ചെയ്ത് ജീവനക്കാരെ പുനർവിന്യസിക്കുമെന്ന് നടപ്പ വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിൽ ബഹ: ധനകാര്യ വകുപ്പ് മന്ത്രി പ്രഖ്യാപിച്ചിട്ടുള്ളതാണ്. സംസ്ഥാനത്തെ പെർഫോമൻസ് ഓഡിറ്റ് വിഭാഗങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരെ എങ്ങനെ ഫലപ്രദമായി പുനർവിന്യസിക്കാം എന്നത് സംബന്ധിച്ച് പഠിച്ച് വിശദമായ നിർദ്ദേശം നല്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷയായി ഒരു സമിതിയെ നിയോഗിച്ച് ഉത്തരവാകുന്നു. പഞ്ചായത്ത്ഡയറക്ടർ, ഗ്രാമ വികസന കമ്മീഷണർ, നഗരകാര്യ ഡയറക്ടർ, കില ഡയറക്ടർ എന്നിവർ ഇതിലെ അംഗങ്ങളായിരിക്കും.

ഇത് സംബന്ധിച്ച റിപ്പോർട്ട് പത്ത് ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**BIJUKUTTAN. M.S**
**Additional Secretary**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കില, തൃശ്ശൂർ
തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എയ്ക്ക്
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെ സി.എയ്ക്ക്
സ്റ്റോക്ക്ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

.2